സക്കറിയ

ഒരു ആഫ്രിക്കൻ

# യാത്ര



"എസ്. കെ. പൊറ്റെക്കാട്ട് അറുപതുവർഷം മുമ്പ് സാഹസികമായി സഞ്ചരിച്ച ആഫ്രിക്കൻ പാതയെ പിന്തുടരാനാണ് സക്കറിയ ഉദ്യമിച്ചിട്ടുള്ളത്. എന്നിട്ടും സക്കറിയയുടെ പുസ്തകം മറ്റൊരു ആഫ്രിക്കയെ എന്റെ മുന്നിൽ സൃഷ്ടിച്ചു തരുന്നത് ഈ കാലത്തിനിടയിൽ ആഫ്രിക്ക മറ്റൊന്നായതുകൊണ്ടുമാത്രമല്ല. മറിച്ച് അതിനെ സൃഷ്ടിച്ചെടുത്ത ഭാഷ മറ്റൊന്നായതുകൊണ്ടു കൂടിയാണ്. ഭാഷകൊണ്ട് സാധിക്കുന്ന ദേശനിർമ്മിതികളാണ് യാത്രാവിവരണങ്ങൾ. 'പദങ്ങൾ' കൊണ്ടാണ് — കാൽവച്ച് എന്ന അർത്ഥത്തിലും വാക്ക് എന്ന അർത്ഥത്തിലും— അതു പൂർത്തിയാക്കപ്പെടുന്നത്."

–കെ. സി. നാരായണൻ

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

യാത്രാവിവരണം

ISBN 81-264-1439-1

9 788126 414390 00008

E-book available

₹ 550

സക്കറിയ • ഒരു ആഫ്രിക്കൻ യാത്ര

DCB

910 ZAC/O
CASMTVK
1 5 4 6



8-ാം പതിപ്പ്

സക്കറിയ

ഒരു ആഫ്രിക്കൻ

യാത്ര

DCB

College Library TVK
5 4 6
910 ZAC/O
CASMTVK
1 5 4 6

39
39

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1546 Call No.

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 678 601

This book should be returned on or before the date last given below.

| | | |
|---|---|---|
| 14/8/23 | | |

സക്കറിയ

കോട്ടയം ജില്ലയിലെ ഉരുളികുന്നത്ത് ജനിച്ചു. രചനകളുടെ ഇംഗ്ലീഷ് പരിഭാഷക ളടക്കം നാല്പതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡൽഹിയിൽ പ്രസാധന -മാധ്യമരംഗങ്ങളിൽ 20 വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. ഏഷ്യാനെറ്റ് ടെലിവി ഷന്റെ സ്ഥാപക പ്രവർത്തകൻ. താമസം തിരുവനന്തപുരത്ത്.

സക്കറിയയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*ലഘുനോവൽ*

ഇതാണെന്റെ പേര്
ഇഷ്ടികയും ആശാരിയും
അയ്യപ്പത്തിന്തകത്തോം
എന്തുണ്ടു വിശേഷം പീലാത്തോസേ?
പ്രെയ്സ് ദി ലോർഡ്
സക്കറിയയുടെ നോവെല്ലകൾ
ഭാസ്കരപട്ടേലരും എന്റെ ജീവിതവും

*ലേഖനം*

ഗോവിന്ദം ഭജ മൂഢമതേ!

*കഥ*

ഒരു നസ്രാണിയുവാവും ഗൗളി ശാസ്ത്രവും
കണ്ണാടി കാണ്മോളവും
സലാം അമേരിക്ക
കന്യാകുമാരി
സക്കറിയയുടെ പെൺകഥകൾ
ഒരിടത്ത്
ആർക്കറിയാം
തേൻ
സക്കറിയയുടെ കഥകൾ
എന്റെ പ്രിയപ്പെട്ട കഥകൾ
പ്രതികഥകൾ
അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും

*തിരക്കഥ*

ജോസഫ് ഒരു പുരോഹിതൻ

*യാത്രാവിവരണം*

ഒരു ആഫ്രിക്കൻ യാത്ര
തടാകനാട്
നബിയുടെ നാട്ടിൽ
അഗ്നിപർവതങ്ങളുടെ താഴ്വരയിൽ
ബംബം! ഹര! ഹര! ബംബം ബോൽ!

*ഓർമ*

ഉരുളികുന്നത്തിന്റെ ലുത്തീനിയ

*പലവക*

സക്കറിയയുടെ യേശു

സക്കറിയ

# ഒരു ആഫ്രിക്കൻ യാത്ര

ഡിസിബുക്സ്

ക്കെല്ലാം എന്റെ അകമഴിഞ്ഞ നന്ദി. എനിക്ക് സഹായഹസ്തം നീട്ടിയ മലയാളികളും അല്ലാത്തവരുമായ മറ്റനവധി സന്മനസ്കരുണ്ട്. അവരുടെ പേരുകൾ ഈ കുറിപ്പിന്റെ പരിമിതികൾക്കുള്ളിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അവർക്കോരോരുത്തർക്കും എന്റെ നന്ദിയും നമസ്കാരവും.

ഈ യാത്രാപദ്ധതിയെ സാംസ്കാരികമായി തിരിച്ചറിയുകയും അതിന് സ്ഥാപനപരമായ പിന്തുണയുടെ കെട്ടുറപ്പ് നൽകി ഒരു യാഥാർത്ഥ്യമാക്കുകയും ചെയ്ത മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാറിനോടും ഡയറക്ടർ (മാർക്കറ്റിങ് & ഇലക്ട്രോണിക് മീഡിയ) എം.വി. ശ്രേയാംസ് കുമാറിനോടും എനിക്കുള്ള അഗാധമായ കൃതജ്ഞത ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ.

യാത്രാവിവരണം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നതിന്റെ പ്രതിവാരസമ്മർദ്ദങ്ങളിലൂടെ എന്നെ സ്നേഹപൂർവം തുണച്ച എ.പി. മുരളീകൃഷ്ണന് എന്റെ ഹൃദയംഗമമായ നന്ദി.

ഈ യാത്രാവിവരണത്തിന്റെ ഒന്നാം പതിപ്പിന്റെ പ്രകാശനത്തിന് എല്ലാ സഹകരണവും നല്കിയ മാതൃഭൂമിയിലെ ഒ.കെ. ജോണിക്കും എം. ജയരാജിനും എന്റെ അകൈതവമായ നന്ദി.

തിരുവനന്തപുരം
19-01-2007

സക്കറിയ

## ഉള്ളടക്കം


ആമുഖം 13
ഗുഡ്ഹോപ്പ് മുനമ്പിലേക്ക് 21
ആദ്യത്തെ ആഫ്രിക്കൻ സന്ധ്യ 26
കേപ്ടൗൺവിശേഷങ്ങൾ 31
ഷിനോയ്അച്ചൻെറയൊപ്പം 36
ഷെറീഫും റീത്തയും രാഷ്ട്രീയവും 41
മുനമ്പും 'വെറും ശല്യ'വും 46
ജോർജിലേക്കുള്ള പാത 52
ഒരു ബൂവർ സായാഹ്നം 58
കാംഗോ ഗുഹകളിലേക്ക് 63
ഒരു ഭൂഗർഭപലായനം 69
അപ്പാർത്തീഡ്മനസ്സിൽ ഒരു നുഴഞ്ഞുകയറ്റം 75
ഉംതാത്തയിലേക്കുള്ള രാത്രിവണ്ടി 81
അക്രമം പനപോലെ തഴയ്ക്കുമ്പോൾ 87
'ഭിത്തിയിലെ ദ്വാര'ത്തിലേക്ക് 92
മന്ത്രവാദവും അല്പം യേശുവും 98
ദർബനിലേക്ക്; ക്രോണ്യേയ്ക്കൊരു ചരമക്കുറിപ്പും 103
മനുഷ്യമാംസക്കൊതിയും പോലീസ്നായപരിശീലനവും 108
പൊരിച്ച മീനിൻെറ മന്ത്രവാദിനി 114
ദർബനിൽ ഒരു മോഷണം 118
വിധിയും ആഫ്രിക്കക്കാരും 124
സുക്കീനയും മായയും മറ്റും 129
ഗ്രേഹൗണ്ടിൽ പ്രെട്ടോറിയയിലേക്ക് 134
ഫോണും ഫോട്ടോയും പല്ലും വണ്ണവും 139
പ്രെട്ടോറിയാവിശേഷങ്ങൾ 145
ആദ്യത്തെ അതിർത്തികടക്കൽ 150
രത്നക്കല്ലുകളും മരുഭൂമിയും 157
ലൊബാട്സെയിൽ ഒരു ക്രിക്കറ്റ്പ്രഭാതം 162

ഹബറൂണിയിലെ ദിനങ്ങൾ 168
കാടുകയറിയ സ്വപ്നഭൂമി 174
പാതാളവും നിശാക്ലബ്ബും 180
പൊറ്റെക്കാട്ടിന്റെ സിംബാബ്വേയിലേക്ക് 185
അതിർത്തിയിലേക്കുള്ള പാത 190
മുഗാബെയുടെ കഥ 197
സിംബാബ്വേചരിതങ്ങൾ 203
വിക്ടോറിയാ വെള്ളച്ചാട്ടത്തിലേക്ക് 209
വെള്ളച്ചാട്ടത്തിൻെറ ഇടിമുഴക്കം 214
വിക്ഫാൾസ്വിശേഷങ്ങൾ 220
ഗൈഡ് മൈക്കളും എൻെറ ജീവിതവും 226
ഗുണി റാംജിയുടെ വരവ് 232
മട്ടോബോയിലെ നാടുകാണി 238
ഹരാരെയിലേക്കുള്ള വഴിയിൽ 244
മസ്വിക്കടി വഴി ഹരാരെയിൽ 250
ഹരാരെയിൽ അലയുമ്പോൾ 256
ഹരാരെയിലെ സ്വാമി നിശ്രേയസ്സാനന്ദ 262
ക്ലബ്ബിലെ കണ്ടുമുട്ടലുകൾ 267
ആഫ്രിക്കയിലൊരു അനുരാഗയുദ്ധം 273
ഹരാരെയോട് വിട 278
മച്ച്പാണ്ടേ അതിർത്തിയിലേക്ക് 283
ബൈറയിലേക്കുള്ള ഇടനാഴി 289
മൊസാംബിക്കിലെ മഴ 295
ഹെൽമുട്ടിന്റെ അഭയത്തിൽ 300
മൊസാംബിക്കിന്റെ കഥ 305
കാരവനിലൊരു ഇരുട്ടടി 310
യാത്ര പ്രതിസന്ധിയിൽ 315
റെബേക്കയുടെ തെരുവുനൃത്തം 320
ബൈറയിൽനിന്നുള്ള തിരിച്ചോട്ടം 326
അടഞ്ഞ അതിർത്തിയും കൈക്കൂലിയും 331
നൈറോബിക്ക് ആകാശംവഴി 336
നൈറോബിയുമായി മുഖാമുഖം 341
നൈറോബിക്കഥകൾ 347
വഴിയടഞ്ഞ സുഡാൻ 352
ഇന്ത്യക്കാരുടെ നൈറോബി 357
ഏറുമാടത്തിലെ രാജകുമാരി 363
കെനിയയിലെ പത്രവിശേഷങ്ങൾ 368
ഹെമിങ്വേയും ബ്ലിക്സെനും കെനിയയും 374
അരൂഷയിലേക്ക് 380
മസായിഭൂമിയിലൂടെ 385
അരൂഷയിലെ മോഹഭംഗം 390
മോഷിവിശേഷങ്ങൾ 396
കിലിമഞ്ജാരോചരിതം 403
കിലിയുടെ അടിവാരത്തിലേക്ക് 409
മഴയും വാഴച്ചാരായവും 415
മന്ത്രവാദിനികളും റംസാനും 421
ദാർ-എസ്-സലാമിലേക്ക് 426
ദാർ-എസ്-സലാമിലെ മുറി 431
ദാർ വിശേഷങ്ങൾ 437
പട്ടേൽബസ്സിൽ ങ്ഗോരംഗോരോയിലേക്ക് 443
റിഫ്ട്വാലിയുടെ അടിവാരത്തിൽ 448
ഗർത്തഭിത്തിയിൽ എത്തുമ്പോൾ 455
ഗർത്തത്തിലെ കാഴ്ചബംഗ്ലാവ് 460
കമ്പാലയിലേക്ക് 468
അമീൻെറ കശാപ്പുശാല 475
കമ്പാലയിലെ കഥകൾ 481
വേരുകൊണ്ടൊരു സിംഹാസനം 487
നൈലിൻെറ ഉത്ഭവസ്ഥാനത്ത് 493
നക്കുരുവിലും മൊംബാസയിലും 499
കെയ്റോയിലേക്ക് 506
ക്ലിയോപാട്രമാരും പോലീസുകാരും 511
പിരമിഡിൻെറ പക്കൽ 517
പിരമിഡിനെ നേരിടുമ്പോൾ 523
ഒരു അമിതാഭ്ബച്ചൻരാത്രി 529
ശവമാടത്താഴ്വരകൾ 535
അസ്വാൻ അണക്കെട്ടിലേക്ക് 542
കെയ്റോവിശേഷങ്ങൾ 550
സിനായ് മലമുകളിൽ 556
മടക്കം 564

*അനുബന്ധം*
ജോർജിൽ ക്രോണ്യേയെത്തേടി 572
മണ്ടേലയുടെ വീട്ടുവിശേഷങ്ങൾ 575
ഗാന്ധിജിയുടെ ഫീനിക്സ്കേന്ദ്രത്തിൽ 580
ഗാന്ധിജിയുടെ ജോഹന്നാസ്ബർഗ് 586
ജോഹന്നാസ്ബർഗിലെ പാഠങ്ങൾ 591
ഗാന്ധിജിയുടെ തീവണ്ടിയാപ്പീസിൽ 595
ടോൾസ്റ്റോയ് ഫാം ഇന്ന് 599
കെറ്റ് മസീരയുടെ തോട്ടത്തിൽ 604
സ്വാമി നിശ്രേയസ്സാനന്ദയെപ്പറ്റി വായനക്കാരുടെ കത്തുകൾ 611
*പദസൂചി* 614

# ആമുഖം

## പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയിലേക്ക്

പൊറ്റെക്കാട്ടിനെ ഞാൻ ഒരിക്കലേ നേരിട്ട് കണ്ടിട്ടുള്ളു. അത് അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങളും കഥകളും എനിക്ക് മനഃപാഠമായിക്കഴിഞ്ഞ് വർഷങ്ങൾക്കുശേഷം, 1968–ലോ '69–ലോ ആയിരുന്നു. അന്ന് ഞാൻ കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്ക്സ് കോളേജിൽ അധ്യാപകനാണ്. ഒരുദിവസം കോട്ടയത്തെ ബെസ്റ്റോട്ടലിൽ ജോൺ എബ്രഹാമും ഞാനും രാവിലെ ചെല്ലുമ്പോൾ റെസ്റ്റോറൻറിൽ ഒറ്റയ്ക്കിരുന്ന് പ്രഭാതഭക്ഷണം കഴിക്കുന്നത് എസ്.കെ.യാണെന്ന് ജോൺ തിരിച്ചറിഞ്ഞു. ഞങ്ങൾ അടുത്തുചെന്ന് പരിചയപ്പെട്ടു.

എസ്.കെ. സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ആവശ്യത്തിന് കോട്ടയത്തു വന്നതാണ്. എനിക്ക് മലയാളഭാഷയുടെ രഹസ്യങ്ങൾ മാത്രമല്ല, വിദൂരനാടുകളുടെ അത്ഭുതരൂപങ്ങൾകൂടി വെളിപ്പെടുത്തിത്തന്ന ആളാണ് എന്റെ മുൻപിലിരിക്കുന്നത്. ഉരുളികുന്നത്തെ എം.പി. സ്കറിയയെ വായനക്കാരനും എഴുത്തുകാരനുമാക്കിത്തീർത്ത വലിയ മനസ്സുകളിലൊന്നിനെ ഞാൻ അഭിമുഖീകരിക്കുകയാണ്. എനിക്ക് എസ്.കെ.യെ അത്രമാത്രം അറിയാമായിരുന്നതുകൊണ്ട് ആദ്യമായി നേരിൽ കണ്ടപ്പോൾ ഔപചാരികതകളിൽ കവിഞ്ഞ് ഒന്നും പറയാനില്ലായിരുന്നു. ഞങ്ങൾ പല വകകൾ സംസാരിച്ചു. എസ്.കെ.യുടെ കണ്ണുകളും ചുണ്ടുകളും ഒന്നിച്ച് വിടർന്ന് പുഞ്ചിരിക്കുന്നത് എനിക്കോർമയുണ്ട്.

'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന പേരിലൊരു കഥ ഞാൻ എഴുതിയിട്ടുണ്ട്. ദൂരദേശങ്ങളെ അനുഭവിക്കാനാഗ്രഹിച്ച് ഇറങ്ങിത്തിരിക്കുന്ന ഒരു തവളസഞ്ചാരി മടക്കയാത്രയിൽ പൊട്ടക്കിണറ്റിൽ വീണുപോകുന്നതും, തന്റെ യാത്രയുടെ സ്മരണകളെ സ്വപ്നം കണ്ടുകൊണ്ട് അത് പൊട്ടക്കിണറ്റിലെ ജീവിതത്തിലേക്ക് തകർന്നുചേരുന്നതുമാണ് കഥാവിഷയം. എസ്.കെ.യുടെ സഞ്ചാരകഥകൾ എന്നിലുണ്ടാക്കിയ തീവ്രമോഹങ്ങളാണ് ആ കഥയുടെ പിന്നിൽ പ്രവർത്തിച്ചത്.

എന്റെ കൈവശമുള്ള 'കാപ്പിരികളുടെ നാട്ടി'ലിന്റെ പ്രതി 1128 (1952) ഇടവത്തിൽ മംഗളോദയം പ്രസിദ്ധീകരിച്ച രണ്ടാംപതിപ്പാണ്. ഒന്നാംപതിപ്പ് 1126–ലായിരുന്നു. വില രണ്ടുരൂപ എട്ടണ. ആയിരം പ്രതികൾ വീതമാണ് രണ്ട് പതിപ്പുകളും. 'കാപ്പിരികളുടെ നാട്ടിൽ' ഖണ്ഡശഃ പ്രസിദ്ധീകരിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പുകൾ എന്റെ കുട്ടിക്കാലത്ത് വീട്ടിലുണ്ടായിരുന്നു. പുസ്തകത്തിന്റെ, ഇപ്പോളെന്റെ പക്കലുള്ള രണ്ടാംപതിപ്പ് അപ്പൻ കോട്ടയത്തു പോയി വാങ്ങിക്കൊണ്ടുവന്നതാണ്. പിന്നീട് എസ്.കെ.യുടെ എല്ലാ യാത്രാവിവരണങ്ങളും വീട്ടിലെത്തി. 1976–ൽ അടിയന്തരാവസ്ഥയുടെ മധ്യത്തിൽ എഴുപതാമത്തെ വയസ്സിൽ മരിക്കുംവരെ അപ്പൻ യാതൊരു വിരസതയുമി